പൗരസേവനങ്ങൾ വിരൽത്തുമ്പിൽ

155 (2788) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിൽ പൗര സേവനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം സാങ്കേതിക വിദ്യകളാണ് പ്രയോജനപ്പെടുത്തുന്നത് ;

(സി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത പദ്ധതിവഴി ജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും പൊതുജനങ്ങൾക്ക് വിവിധ വെബ്സൈറ്റുകൾ വഴി സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഈ സേവനങ്ങൾ www.surekha.ikm.in എന്ന വെബ്സൈറ്റിൽനിന്നും തികച്ചും സൗജന്യമായി ലഭ്യമാണ്. ജനന സർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് എന്നിവ ഈ വെബ്സൈറ്റിൽനിന്നും നിമിഷങ്ങൾക്കുള്ളിൽ ഓൺലൈനായി ഡൗൺലോഡ് ചെയ്ത് വിവിധതരം ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. കൂടാതെ വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകൾ, വസ്തു നികുതി, ഇ-പെയ്മെന്റ്, ഫയൽ തൽസ്ഥിതി വിവരങ്ങൾ, ബിൽഡിംഗ് പെർമിറ്റ് തുടങ്ങിയ സേവനങ്ങൾ വിവിധ ആപ്ലിക്കേഷനുകളിലൂടെ ലഭ്യമാക്കുന്നു. ഇതോടൊപ്പംതന്നെ സൗജന്യ സേവനങ്ങൾ ആൻഡ്രോയ്ഡ് പ്ലാറ്റ്ഫോമിലുള്ള മൊബൈൽ ഫോണുകളിൽ ലഭ്യമാക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ സോഫ്റ്റ്വെയറുകൾ തയ്യാറാക്കിയിട്ടുണ്ട്. സമഗ്ര എന്ന പേരിലുള്ള ഈ ആപ്ലിക്കേഷൻസ് ആൻഡ്രോയ്ഡ് പ്ലേ സ്റ്റോറിൽനിന്നും സൗജന്യമായി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. ടച്ച് സ്ക്രീൻ ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിച്ച് 'സ്പർശ്' എന്ന ആപ്ലിക്കേഷൻ മുഖേന ജനങ്ങൾക്ക് സേവനങ്ങൾ എത്തിക്കാനുള്ള പദ്ധതി പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വെബ് അധിഷ്ഠിത ആപ്ലിക്കേഷനാണ് പ്രധാനമായും ഉപയോഗിക്കുന്നത്. കൂടാതെ മൊബൈൽ ഫോൺ, ടച്ച് സ്ക്രീൻ, സാങ്കേതിക വിദ്യകളും പ്രയോജനപ്പെടുത്തുന്നു.

(സി) www.cr.lsgkerala.gov.in എന്ന വെബ്സൈറ്റിലൂടെ 'സേവന' (സിവിൽ രജിസ്ട്രേഷൻ) ആപ്ലിക്കേഷൻ വഴി ഇലക്ട്രോണിക്കായി രജിസ്റ്റർ ചെയ്യുന്ന ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്തെടുക്കുവാൻ സാധിക്കുന്നു. www.welfarepension.lsgkerala.gov.in എന്ന വെബ്സൈറ്റിലൂടെ സേവന (പെൻഷൻ) എന്ന ആപ്ലിക്കേഷൻവഴി പെൻഷൻ സംബന്ധിച്ച എല്ലാ വിവരങ്ങളും ഗുണഭോക്താക്കളുടെ വിവരങ്ങളും ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാകുന്നു. www.tax.lsgkerala.gov.in എന്ന വെബ്സൈറ്റിലൂടെ സഞ്ചയ എന്ന ആപ്ലിക്കേഷൻ വഴി ഓൺലൈനായി ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും വസ്തു നികുതി അടയ്ക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനവും അറിയാൻ സാധിക്കുന്നു. www.buildingpermit.lsgkerala.gov.in എന്ന വെബ്സൈറ്റിലൂടെ 'സങ്കേതം' എന്ന വെബ് അധിഷ്ഠിത സോഫ്റ്റ്വെയർ വഴി കെട്ടിട പെർമിറ്റിനുവേണ്ടി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുന്നതിനുള്ള ഇ-ഫയലിംഗ് സംവിധാനവും അപേക്ഷകളുടെ തത്സമയ പരിശോധനയും ഇലക്ട്രോണിക് രൂപത്തിൽ കെട്ടിട പെർമിറ്റ് പൂർത്തീകരണ സർട്ടിഫിക്കറ്റ്, ഓക്കുപെൻസി സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിനും ഫയലിന്റെ നിജസ്ഥിതി/പെർമിറ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്. മുഖേന അറിയിക്കുന്നതിനുള്ള സംവിധാനവും ലഭ്യമാണ്. www.lsgkerala.gov.in. എന്ന വെബ്സൈറ്റിൽ മേൽവിവരിച്ച ആപ്ലിക്കേഷനുകളുടെ ലിങ്കുകൾ ഉൾപ്പെടെ ശുചിത്വമിഷൻ കെ.എൽ.ജി.എസ്.ഡി.പി., കില, ക്രൂസ്, കുടുംബശ്രീ എന്നിവയുടെ വിവരങ്ങളും ലഭ്യമാണ്. കൂടാതെ കെൽട്രോണിന്റെ സഹായത്തോടുകൂടി ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിച്ച് അതുവഴി പൊതുജനങ്ങൾക്ക് നൽകേണ്ട നിർദ്ദേശങ്ങളും അറിയിക്കേണ്ട വിവരങ്ങളും സ്ക്രോളിംഗ് സംവിധാനമായി നൽകുന്നതിനും മറ്റ് വകുപ്പുകളിൽ നിന്നുള്ള വിവരങ്ങൾ, ഇന്റർനെറ്റ് വഴിയുള്ള വിവരങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവ കിയോസ്ക് വഴി നൽകുന്നതിനും കഴിയും.

(ഡി) ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടർവൽക്കരണത്തിനായി ആവശ്യമുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി വാങ്ങുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ഇൻഫർമേഷൻ കേരള മിഷൻ, കില, പഞ്ചായത്ത് ഡയറക്ടറേറ്റ് എന്നിവയുടെ സംയോജിതമായ പ്രവർത്തനങ്ങളിലൂടെ ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത് ദിനാഘോഷങ്ങൾ, വകുപ്പിന്റെ വിവിധ എക്സിബിഷനുകൾ, പരിപാടികൾ എന്നിവയിലൂടെ മേൽ ആപ്ലിക്കേഷനുകൾക്ക് പ്രചരണം നൽകി വരുന്നു.

പഞ്ചായത്തുകൾ വഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

156 (2789) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകൾ വഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉണ്ടോ ;

(ബി) എങ്കിൽ അവ ഏതെല്ലാം ; ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇതിനുള്ള കേന്ദ്ര സഹായം എപ്രകാരമാണ് ; ഓരോ വർഷവും എത്ര തുക ലഭിച്ചു ; എത്ര തുക ചെലവഴിച്ചു ;

(ഡി) പ്രസ്തുത പദ്ധതികളിൽ സംസ്ഥാന വിഹിതം ഉണ്ടോ ; എങ്കിൽ ഓരോ വർഷവും നീക്കി വച്ചതുക എത്ര ; എത്ര തുക ചെലവഴിച്ചു ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

ചെറുകുളത്തൂർ പഞ്ചായത്ത്

157 (2790) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ ചെറുകുളത്തൂർ പഞ്ചായത്ത് രൂപീകരിക്കാനുള്ള തീരുമാനം സാമുദായിക ധ്രുവീകരണത്തിനു ഇടയാക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് പുതിയ ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണം, വിഭജനം എന്നിവ സംബന്ധിച്ച് പൊതുജനങ്ങളും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനാധികാരികളുമായി നടത്തിയ ഹിയറിംഗിൽ ചെറുകുളത്തൂർ പഞ്ചായത്ത്

LIBRARY ARCHIVES Kerala Legislative Assembly